പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) കാനേഷുമാരിയിൽ പരിവർത്തിത ക്രൈസ്തവരുടെ ജനസംഖ്യ പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ബി) ഉദ്യോഗ സംവരണത്തിന് പരിവർത്തിത ക്രൈസ്തവരെ ഒ.ബി.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൻപ്രകാരം ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നു. വിദ്യാഭ്യാസാനുകൂല്യങ്ങൾക്കായി ഇവരെ ഒ.ഇ.സി. വിഭാഗത്തിൽപ്പെടുത്തി പട്ടികജാതിക്കാർക്ക് അനുവദിയ്ക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നു.

(സി) ഈ വിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പുരോഗതി ലക്ഷ്യമാക്കി കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ കണ്ടെത്താനുള്ള പദ്ധതികളും കൃഷിഭൂമി വായ്പാ പദ്ധതി, ഭവന നിർമ്മാണ വായ്പാ പദ്ധതി, വിദേശ വായ്പാ പദ്ധതി, ഭവന നവീകരണ വായ്പാ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാന പദ്ധതി തുടങ്ങിയ ധനസഹായ പദ്ധതികളും വായ്പാ പദ്ധതികളിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഭരണഘടനാപരമായി എസ്.സി.പി./റ്റി.എസ്.പി. ഫണ്ടുകൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ. പരിവർത്തിത ക്രൈസ്തവർക്ക് ജനറൽ ഫണ്ടുപയോഗിച്ച് ക്ഷേമപദ്ധതികൾ നടപ്പാക്കാവുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലോഡ്ഷെഡ്ഡിംഗ്

1(2278) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോഡ്ഷെഡിംഗ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എത്ര സമയം ലോഡ്ഷെഡിംഗ് ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുണ്ടായിരുന്ന അര മണിക്കൂർ ലോഡ്ഷെഡിംഗ് ഒരു മണിക്കൂറായി ഉയർത്തിയത് എന്നാണ് എന്നറിയിക്കാമോ ; എന്നു മുതൽ ഇത് പിൻവലിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) അര മണിക്കൂർ ഒരു മണിക്കൂറായി ഉയർത്തിയതിന്റെ ഫലമായി എത്ര യൂണിറ്റ് വൈദ്യുതി മിച്ചം ഉണ്ടായി എന്ന് കണക്കായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് എല്ലാ മാസത്തും ഞായറാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും അര മണിക്കൂർ ചാക്രിക ലോഡ് ഷെഡിംഗാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി). നിലവിലുണ്ടായിരുന്ന അര മണിക്കൂർ ലോഡ് ഷെഡിംഗ് 9-6-2003-നാണ് ഗ്രാമപ്രദേശങ്ങളിൽ മാത്രം ഒരു മണിക്കൂർ ആയി ഉയർത്തിയത്. 22-6-2003-ന് ഇത് പിൻവലിച്ചു.

(സി) ഇതിന്റെ ഫലമായി ദിവസേന '7' ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു.

വൈദ്യുതി ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി

2 (2279) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി എന്താണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) വൈദ്യുതി ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാറുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 2002-03-ലെ പ്രാരംഭകണക്കുകൾ പ്രകാരം മൊത്തം റവന്യൂ വരവ് 2646 കോടി രൂപയും റവന്യൂ ചെലവ് 3465 കോടി രൂപയുമാണ്. ടി കണക്കനുസരിച്ച് റവന്യൂ കമ്മി 819 കോടി രൂപയാണ്.

(ബി) ഉണ്ട്. പുറത്ത് നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ വില നൽകാനായി കേന്ദ്ര പവർഫിനാൻസ് കോർപ്പറേഷനിൽ നിന്നും 150 കോടി രൂപ ഈ സാമ്പത്തിക വർഷം ഇതുവരെ വായ്പയായി എടുത്തിട്ടുണ്ട്. ഇതുകൂടാതെ ബാങ്കുകളിൽ നിന്നും ഓവർഡ്രാഫ്റ്റ് മുഖേനയും ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടി വായ്പ എടുക്കാറുണ്ട്.

വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യത

3 (2280) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദിവസേന കൂടി വരുന്ന വൈദ്യുതിബോർഡിന്റെ കടബാദ്ധ്യത തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly